# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2313 — 19.07.2016 ൽ മറുപടിയ്ക്ക്

## കുട്ടനാട് റാണിക്കായലിലെ കൃഷിയിറക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.യു. പ്രതിഭാ ഹരി | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് റാണിക്കായലിൽ കൃഷിയിറക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് മന്ത്രി സന്ദർശനം നടത്തിയിരുന്നോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ചെന്നും എന്തെല്ലാം കാര്യങ്ങളിൽ തീരുമാനമായെന്നും വെളിപ്പെടുത്താമോ? | (എ) കുട്ടനാട് റാണിക്കായലിൽ കൃഷിയിറക്കുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് മന്ത്രി 14.6.2016-ൽ സന്ദർശനം നടത്തിയിരുന്നു. റാണി കായൽ ആർ.ബ്ലോക്ക്, കൈനകരി പഞ്ചായത്തിലെ കുപ്പപ്പുറം പാടശേഖരത്തിന്റെ മടവീഴ്ച എന്നിവ സന്ദർശിച്ചു.<br>സന്ദർശനത്തെ തുടർന്ന് 15.6.2016-ൽ കൃഷി മന്ത്രിയുടെ ചേമ്പറിൽ വിളിച്ചു ചേർത്ത യോഗത്തിൽ റാണി കായലിൽ കൃഷി ഇറക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.<br>(I) 13-ാം ധനകാര്യ കമ്മീഷനിൽ അനുവദിച്ച ഫണ്ടുപയോഗിച്ച് റാണി കായലിലെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആക്റ്റിവിറ്റി ചാർട്ട് 29/6/2016-ലെ(സ.ഉ.)(ആർ.റ്റി) നം. 542/2016/അഗ്രി പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.<br>(II) ആലപ്പുഴ പുഞ്ച സ്പെഷ്യൽ ആഫീസർ 21.6.2016 പമ്പിംഗ് ലേല പരസ്യം നൽകുകയും 27.6.2016 - ൽ റാണി കായലിൽ പമ്പിംഗ് ലേലം നടക്കുകയും ചെയ്തു.<br>(III) 06.07.2016 - ൽ കോട്ടയം കെ.എസ്.ഇ.ബി. പള്ളം ഡിവിഷന്റെ ചുമതലയിൽ ഡീ വാട്ടറിംഗിന് പമ്പിംഗ് കണക്ഷൻ നൽകി.പമ്പിംഗ് ഉടനെ |

ആരംഭിക്കുന്നതാണ്.

(IV) കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വെള്ളം വറ്റിക്കഴിഞ്ഞാൽ ഉടൻ ബ്ബ് സ്ഥാപിക്കൽ, വാച്ചാൽ ആഴം കൂട്ടൽ ലെവലിംഗ്, റാമ്പു നിർമ്മാണം., കറ്റക്കളം മോട്ടോർഷെഡ്, പറക്കുഴി തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും ടി പ്രവർത്തനങ്ങളുടെ ഇ - ടെൻഡർ നടപടി സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയർ സ്വീകരിച്ചുകഴിഞ്ഞു.

(V) റാണിക്കായലിൽ കൃഷിയിറക്കുന്നതുമായി ബന്ധപ്പെട്ട് ഡീവാട്ടറിംഗിന് 14,21,475/- രൂപ നൽകുന്നതിന് നിലവിലുള്ള പുഞ്ച പമ്പിംഗ് നിയമത്തിൽ ഇളവു നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

(VI) സെപ്തംബർ15 നകം റാണികായലിൽ കൃഷി ഇറക്കാൻ കൃഷി വകുപ്പ് കാർഷിക കലണ്ടർ തയ്യാറാക്കി.

(VII) റാണി കായലിലെ കൃഷിയെ ജനറൽ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. പാടശേഖര സമിതിയുടെ അഭ്യർത്ഥന പ്രകാരം ജനറൽ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തി Tailor Made ആയ Insurance policy എടുക്കുന്നതിനു അനുവാദം നൽകി.

**സെക്ഷൻ ഓഫീസർ**